**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6025** **09-11-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിലെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ദേവസ്വം ബോർഡിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഹിന്ദു ജനസംഖ്യാനുപാതികമായി സംവരണം നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ വിശദാംശങ്ങൾ നൽകാമോ; | (എ) | ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന സംവരണം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കണമെന്ന സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | ദേവസ്വം ബോർഡിൽ ഹിന്ദു മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ നൽകിയ സംഘടനകൾ ഏതെല്ലാമാണെന്നറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | പ്രസ്തുത അപേക്ഷകളിന്മേലുള്ള തുടർ നടപടികളുടെ ഭാഗമായി ചട്ടഭേദഗതിയുടെ കരട് തയ്യാറാക്കുന്നതിന് മുമ്പ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നോ എന്ന് വിശദമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | ദേവസ്വം ബോർഡിൽ ഹിന്ദു മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ? | (ഡി) | 2015-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നതിന് ശേഷമാണ് ദേവസ്വം ബോർഡുകളിലേക്കുള്ള നിയമനങ്ങളിൽ നിയമ പ്രകാരമുള്ള സംവരണം നൽകി തുടങ്ങിയത്. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടം 3(2) പ്രകാരം, 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ അനുസരിച്ചുള്ള സംവരണവും റൊട്ടേഷനുമാണ് ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ നിയമനങ്ങൾക്കും ബാധകമാകുന്നതെന്ന് നിഷ്കർഷിക്കുന്നു. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടം 3(2)-ന്റെ പ്രൊവിസൊ പ്രകാരം കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | | അഹിന്ദുക്കളായ പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണ ടേണുകൾ ഹിന്ദു മതത്തിൽപ്പെട്ട പൊതു വിഭാഗത്തിനായി സംവരണം ചെയ്തിരുന്നു. ആയതിനാൽ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങൾ പ്രകാരം സർക്കാർ സർവ്വീസിൽ നിന്നും വ്യത്യസ്തമായി ദേവസ്വം ബോർഡുകളിൽ ജനറൽ മെറിറ്റിൽ നിന്നുള്ള നിയമനം 68%-വും സംവരണ സമുദായങ്ങളിൽ നിന്നുള്ള നിയമനം 32%-വും ആയിരുന്നു. 18/11/2019-ലെ സ.ഉ.(അച്ചടി)നം.79/2019/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി അനുസരിച്ച് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ അഹിന്ദുക്കളായ പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള 18% സംവരണ ടേണുകൾ ഉപയോഗപ്പെടുത്തി പട്ടികജാതി വിഭാഗത്തിന് 2%, ഈഴവ വിഭാഗത്തിന് 3%, മറ്റ് ഹിന്ദു പിന്നാക്ക വിഭാഗങ്ങൾക്ക് 3% എന്നിങ്ങനെ അധിക സംവരണം നൽകുന്നതിനും സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (EWS) 10% സംവരണം പുതുതായി ഏർപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യുകയുണ്ടായി. ആയത് പ്രകാരം നിലവിൽ ദേവസ്വം ബോർഡ് നിയമനങ്ങളിൽ നൽകി വരുന്ന സംവരണ ശതമാനം ചുവടെ ചേർക്കുന്നു. ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ഓപ്പൺ കോമ്പറ്റീഷൻ - 50 EWS - 10 പട്ടികജാതി - 10 ഹിന്ദു പട്ടികവർഗ്ഗം - 2 ഈഴവ, ബില്ലവ, തിയ്യ - 14 വിശ്വകർമ്മ - 2 മറ്റ് ഹിന്ദു പിന്നാക്ക വിഭാഗങ്ങൾ - 9 ധീവര - 2 ഹിന്ദു നാടാർ -1 ലാസ്റ്റ് ഗ്രേഡിതര സർവ്വീസ് ഓപ്പൺ കോമ്പറ്റീഷൻ - 50 EWS - 10 പട്ടികജാതി - 10 ഹിന്ദു പട്ടികവർഗ്ഗം - 2 ഈഴവ, ബില്ലവ, തിയ്യ - 17 വിശ്വകർമ്മ - 3 മറ്റ് ഹിന്ദു പിന്നാക്ക വിഭാഗങ്ങൾ - 6 ധീവര - 1 ഹിന്ദു നാടാർ -1 2020 ജനുവരി മാസം മുതൽ പുറത്തിറക്കിയ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടവർക്ക് EWS സംവരണത്തിന്റെ ആനുകൂല്യം നൽകി വരുന്നുണ്ട്. ഇപ്പോൾ തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ, മലബാർ എന്നീ ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലായി 23 പേരെ ടി സംവരണത്തിന്റെ ആനുകൂല്യം നൽകി നിയമനത്തിനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ശിപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ